# പതിമൂന്നാം കേരള നിയമസഭ
# പതിന്നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 411 — 20.07.2015- ൽ മറുപടിക്ക്

## ഇ-ഡിസ്ട്രിക്റ്റ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എ.റ്റി. ജോർജ്ജ്<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) ഇ-ഡിസ്ക്ട്രിക്റ്റ് പദ്ധതി പ്രകാരം റവന്യൂ വകുപ്പിലെ സർട്ടിഫിക്കറ്റുകൾ നൽകുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) എവിടെനിന്നു വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുകയും, ആയത് ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഇ-ഡിസ്ക്ട്രിക്റ്റ് പദ്ധതിയിലൂടെ നടപ്പാക്കി വരുന്നത്. ഓൺലൈനായി വില്ലേജ് ഓഫീസർക്ക് എത്തുന്ന അപേക്ഷകൾ പരിശോധനകൾക്ക് ശേഷം ഡിജിറ്റൽ ഒപ്പോടുകൂടി നൽകുന്നതിനാൽ എപ്പോൾ വേണമെങ്കിലും തൽക്ഷണം പ്രസ്തുത സർട്ടിഫിക്കറ്റുകൾ നൽകുവാൻ സാധിക്കുന്നതാണ്. റവന്യൂ വകുപ്പിൽ നിന്നും 24 ഇനം സർട്ടിഫിക്കറ്റുകളാണ് ഇ-ഡിസ്ക്ട്രിക്റ്റ് പദ്ധതി പ്രകാരം ഓൺലൈൻ ആയി നൽകി വരുന്നത്. |
| സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; | സി) റവന്യൂ വകുപ്പിലെ ഐ.റ്റി. സെല്ലുകൾ കൂടാതെ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ, നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ (എൻ.ഐ.സി), അക്ഷയ സെന്ററുകൾ എന്നീ ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്. |
| ഡി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | ഡി) ഇ-ഡിസ്ക്ട്രിക്റ്റ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ്ടോപ്പുകൾ/പേഴ്സണൽ കമ്പ്യൂട്ടറുകൾ എന്നിവ കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ വഴി നൽകിക്കഴിഞ്ഞിട്ടുണ്ട്. |

ഇ-ഡിസ്ട്രിക്റ്റ് പദ്ധതി ഉപയോഗിക്കുന്ന എല്ലാ വില്ലേജ് ഓഫീസർമാർക്കും, സ്പെഷ്യൽ വില്ലേജ് ഓഫീസർമാർക്കും,തഹസിൽദാർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും . മതിയായ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടായാൽ പരിഹരിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും എല്ലാ താലൂക്കുകളിലും ഹാൻഡ് ഹോൾഡിംഗ് സ്റ്റാഫിനെയും കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ വഴി നിയമിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത ലഘുലേഖകൾ വഴിയും, വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്.

Lalrala S.O

**സെക്ഷൻ ഓഫീസർ**

✓